ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്
ആറ്റുകാൽ, തിരുവനന്തപുരം-9

20 18

നമ്പർ.ഇ3/81/2022/എബിറ്റിറ്റി/ 80

തീയതി : 08.01.2022

## ടെണ്ടർ പരസ്യം

### പുള്ളുവൻ പാട്ട് വഴിപാട്

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2022 മുതൽ 31-3-2023 വരെ നാഗർ ക്ഷേത്രത്തിനു മുൻവശം പുള്ളുവൻ പാട്ട് പാടുന്നതിനുള്ള അവകാശത്തിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 18.01.2022 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും, 20.01.2022 വൈകുന്നേരം 4.30ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതുമാണ്.

**ടെൻഡർ നിബന്ധനകൾ**

1. നിരതദ്രവ്യതുകയായ 25,000/= രൂപയ്ക്ക് (ഇരുപത്തിയയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.കവറിനു മുകളിൽ വ്യക്തമായി ഇന്ന കോൺട്രാക്റ്റിനുള്ള ടെൻഡർ എന്നെഴുതുകയും ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ അപേക്ഷാഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായി 10,000 രൂപ (പതിനായിരം രൂപ മാത്രം) ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
3. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന ടെൻഡറുകാരൻ ടെൻഡർ തുകയുടെ നാലിലൊന്നു തുക ടെൻഡർ സ്ഥിരപ്പെടുത്തിയ ഓർഡർ ലഭിച്ച ഉടനെ തന്നെ ട്രസ്റ്റ് ഓഫീസിൽ ഒടുക്കേണ്ടതും ബാക്കി തുക മൂന്നു തുല്യ ഗഡുക്കളായി യഥാക്രമം 30.06.2022, 30.09.2022, 31.12.2022 എന്നീ തീയതികൾക്ക് മുൻപായി ട്രസ്റ്റ് ഓഫീസിൽ ഒടുക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാതെ മുടക്കം വരുത്തുകയാണെങ്കിൽ, ആ തുകയ്ക്ക് 15% വാർഷിക പലിശ ഈടാക്കുന്നതാണ്.
3. ഒരു പുള്ളുവൻ പാട്ട് വഴിപാടിന് 10/=രൂപാ (പത്തു രൂപാ മാത്രം) ക്രമത്തിൽ മാത്രമേ ഭക്തജനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളൂ.
4. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല.
5. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
6. ടെൻഡർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല
7. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

സെക്രട്ടറി
ആറ്റുകാൽ ഭഗവതിക്ഷേത്രംട്രസ്റ്റ്

ടെൻഡറുകാരന്റെ പേരും ഒപ്പും :

സ്ഥലം :

തീയതി :